ഗിരിവർഗ്ഗക്കാർക്ക് കൊടുത്തിട്ടുള്ള ഭൂമി.

* 1624. [19] ശ്രീ. മദ്ദര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം മലബാറിലെ ഗിരിവർഗ്ഗക്കാർക്ക് ഭൂമി കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക്, എവിടെയെല്ലാം ;

(സി) അമ്പലവയലിൽ ഗിരിവർഗ്ഗ ഹരിജനങ്ങളിൽനിന്നും ഭൂമി നൽകുവാൻവേണ്ടി അപേക്ഷ കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര പേർക്ക് ഭൂമി നൽകി ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ, ബി) പുതിയ ഭൂമി വിതരണപദ്ധതിയനുസരിച്ച് ഗിരിവർഗ്ഗക്കാരിൽനിന്നും അർഹരായ അപേക്ഷകന്മാർക്ക് ഭൂമി കൊടുത്തിരിക്കാൻ ഇടയുണ്ട്. ഓരോ വില്ലേജിലും വിതരണം ചെയ്യാവുന്ന ഭൂമിയുടെ ഇരുപത്തഞ്ചു ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി മാറ്റിവച്ചിരിക്കുകയാണ്. അതിനെപ്പറ്റി കൂടുതൽ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു. കാണികൾ താമസിക്കുന്ന സ്ഥലത്തെല്ലാം എല്ലാ കാണി കുടുംബങ്ങൾക്കും മൂന്നേക്കറെങ്കിലും കൊടുക്കണമെന്നുള്ള ഓർഡർ ഗവണ്മെൻറ് അയച്ചിട്ടുണ്ട്. എത്രപേർക്കുകൊടുത്തു എന്ന വിവരം ശേഖരിച്ചുവരികയാണ്.

(സി, ഡി) ഉണ്ട്. അമ്പലവയലിൽ ചിങ്ങേരി എന്ന സ്ഥലത്ത് ഏതാണ്ട് 400 ഏക്കർ വനം ഭൂമി വെട്ടിത്തെളിച്ചുവരുകയാണ്. ഗിരിവർഗ്ഗക്കാരുടെ കുടുംബങ്ങളെ വിടുവച്ചുകൊടുത്തു കുടിപാർപ്പിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. എത്രപേർക്ക് ഈ സ്ഥലം കൊടുത്തു എന്ന വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

ശ്രീ. കെ. കുഞ്ഞമ്പു : മലബാറിൽ എത്രയാളുകൾക്ക് കൊടുത്തുവെന്ന് അറിയാൻ കഴിയാത്തത് എന്തുകൊണ്ടാണ് ?

ശ്രീമതി കെ. ആർ. ഗൗരി : സ്റ്റോറിൽ ഒട്ടുക്കുള്ള ഗിരിവർഗ്ഗക്കാരുടെ കാര്യമാണ് ഞാൻ പറഞ്ഞത്. അല്ലാത്തിൽ മലബാറുകാരുടെ കാര്യവും പറഞ്ഞു എന്നേയുള്ളൂ. അത് വേണ്ടെങ്കിൽ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഉത്തരത്തിൽ പറഞ്ഞത്, കൊടുത്തിരിക്കാൻ ഇടയുണ്ടെന്നാണ്. കൊടുത്തിട്ടുണ്ടെങ്കിൽ ഉണ്ട്, ഇല്ലെങ്കിൽ ഇല്ല എന്നാണ് അറിയേണ്ടത് ?

ശ്രീമതി കെ. ആർ. ഗൗരി : വിവരം ഞങ്ങൾക്കു കിട്ടിയതു പറഞ്ഞതാണ്. അതിനുശേഷം മലബാറിലെ ഗിരിവർഗ്ഗക്കാർക്ക് ചിങ്ങേരിയിൽ 400 ഏക്കർ എടുത്തതിനുശേഷം പിന്നെ എത്ര ഏക്കർ കൊടുത്തിട്ടുണ്ടെന്നും അറിയാൻ നിവൃത്തിയില്ലെന്നും പറഞ്ഞു.

ശ്രീ. കെ. കെ. വിശ്വനാഥൻ : അതിനു കൊടുത്തിരിക്കാൻ ഇടയുണ്ടെന്നാണോ ഉത്തരം പറയേണ്ടത് ?

ശ്രീമതി കെ. ആർ. ഗൗരി : കൊടുത്തില്ലാ എന്നു പറയാൻ ഒക്കുകയില്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : കൊടുത്ത് എന്നു പറയാത്തിടത്തോളം കാലം കൊടുത്തില്ലാ എന്നല്ലെ മനസ്സിലാക്കേണ്ടത് ?

ശ്രീമതി കെ. ആർ. ഗൗരി : കൊടുത്തില്ലാ എന്നു പറയാൻ സാധ്യമല്ല. അതുകൊണ്ടാണ് കൊടുത്തിരിക്കാൻ ഇടയുണ്ടെന്നു പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജാർജ്ജ് : മലബാറിൽ ഭൂമി കൊടുത്തിരിക്കാൻ ഇടയുണ്ടെന്ന് ഉത്തരം എഴുതിത്തന്ന ഉദ്യോഗസ്ഥൻ ആരാണ് ?

ശ്രീമതി കെ. ആർ. ഗൗരി : ഉദ്യോഗസ്ഥന്മാർ ആരായിരുന്നാലും ഉത്തരം പറയുന്നതു് ഞങ്ങളാണു്. അതിന്റെ ഉത്തരവാദിത്വം ഞങ്ങൾക്കുണ്ടു്.

ശ്രീ. കെ. എം. ജാർജ്ജ് : ഇങ്ങനെ നിരുത്തരവാദപരമായി ഒരു മന്ത്രിയെക്കൊണ്ടു പറയിപ്പിക്കുവാൻ ഇടയാക്കിയ ഉദ്യോഗസ്ഥൻ ആരാണെന്നു് അറിഞ്ഞാൽ കൊള്ളാം ?

ശ്രീമതി കെ. ആർ. ഗൗരി : ഉദ്യോഗസ്ഥന്മാർ എന്തൊക്കെ എഴുതിയാലും, മന്ത്രി അതു നോക്കിയിട്ടാണു് ഇവിടെ ഉത്തരം പറയുന്നതു്. അല്ലാതെ ഇവിടെ എഴുതിക്കൊണ്ടുവരുന്നതു് കാണാതെ പറയുകയല്ല. ഉത്തരം വന്നുകഴിഞ്ഞാൽ മന്ത്രിമാർ അതു് അംഗീകരിച്ചുകഴിഞ്ഞതിനുശേഷമേ ഇവിടെ പറയുകയുള്ളു.

ശ്രീ. ഇടിക്കുള : ഈ രീതിയിൽ ഉത്തരം പറയുന്നതു്, ശരിയാണെന്നാണോ പറയുന്നതു് ?

മിസ്റ്റർ സ്പീക്കർ : അതൊക്കെ അഭിപ്രായമാണു്.

ശ്രീമതി കുസുമം ജോസഫ് : 1000 ഏക്കർ ഭൂമി ഇത്ര ദിവസത്തിനകം ഇത്ര ഗിരിവർഗ്ഗക്കാർക്കു് കൊടുത്തു എന്നറിയാൻ വിഷമമുള്ള ഒരു കാര്യമാണോ ?

ശ്രീമതി കെ. ആർ. ഗൗരി : ആയിരം അല്ലാ, മൂവായിരം ഏക്കറെങ്കിലും കൊടുത്തിരിക്കാം. അതുകൊണ്ടാണു് എത്ര ഏക്കർ കൊടുത്തു എന്നും എത്ര പേർക്കു് കൊടുത്തു എന്നുമുള്ള വിവരം കിട്ടിയിട്ടില്ല എന്നു പറഞ്ഞതു്. എന്നാൽ വയനാട്ടിൽമാത്രം കൊടുത്തതിനെപ്പറ്റി വിവരം അറിഞ്ഞിട്ടുണ്ടു്. അതു് ഇവിടെ പറയുകയും ചെയ്തു.

ശ്രീ. ആർ. രാഘവമേനോൻ : എഴുതിക്കൊണ്ടുവന്നിരിക്കുന്ന ഉത്തരം നോക്കിയാണോ മന്ത്രിമാർ ഫയലിൽ ഒപ്പിട്ടു കൊടുക്കുന്നതു് ?

മിസ്റ്റർ സ്പീക്കർ : അതിനു ഉത്തരം പറയേണ്ട കാര്യമില്ല. ചോദ്യം 20.

ശ്രീ. ടി. കെ. കൃഷ്ണൻ : സർ, ചോദ്യം 20 അനുവദിക്കുമെന്നു തോന്നുന്നുണ്ടോ ? രണ്ടു കാരണങ്ങൾകൊണ്ടു് അനുവദിക്കാൻ പാടില്ലാ എന്നാണു് എന്റെ അഭിപ്രായം. ഒന്നാമതു്, നാട്ടിൽ അക്രമങ്ങൾ നടക്കുന്നു, എന്നു പറയുന്നു. അതു ശരിയല്ല. രണ്ടാമതു്, നിരാഹാരസത്യഗ്രഹത്തെപ്പറ്റി ശവമെന്റിനുള്ള അഭിപ്രായം എന്താണു് എന്നു ചോദിക്കുകയാണു്. അതും ശരിയല്ല.

ശ്രീ. സി. ഏ. മാത്യു : സർ, അങ്ങു് അനുവദിച്ചിട്ടുള്ള ചോദ്യങ്ങളാണു് ഈ സഭാതലത്തിൽ ചോദിക്കുന്നതു്. അപ്പോൾ ഈ ചോദ്യം അങ്ങു് ചെയ്തിട്ടുള്ള തീരുമാനത്തെത്തന്നെ ചോദ്യം ചെയ്യുന്നതല്ലെ ?

മിസ്റ്റർ സ്പീക്കർ : ഞാൻ മിസ്റ്റർ മാത്യുവിനോടു്, ഇക്കാര്യം പൂണ്ടിക്കാണിച്ചതിൽ വളരെ കൃതജ്ഞനാണു്. ഞാൻ ചേമ്പറിൽവച്ചു് അഡ്മിറവു് ചെയ്ത ഒരു ചോദ്യത്തെപ്പറ്റി അങ്ങനെ അഡ്മിറവു് ചെയ്തതു് ശരിയായോ എന്നാണു് ഒരു ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നതു്. അങ്ങനെ ചോദിക്കാൻ അവകാശം എന്തെന്നു് ശ്രീ. മാത്യു ഉന്നയിച്ച ആ തത്വം അദ്ദേഹം തന്നെ എല്ലാവർക്കും ഒന്നു പറഞ്ഞുകൊടുക്കാൻ ശ്രമിച്ചാൽ തരക്കേടില്ല. അങ്ങനെ ചെയ്താൽ ഞാൻ വളരെയേറെ കൃതജ്ഞനായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ, മറ്റൊരുകാര്യം കൂടിയുണ്ട്. ഞാൻ അതു് ഇതിനുമുൻപും പറഞ്ഞിട്ടുള്ളതാണു്. ചിലപ്പോൾ സ്പീക്കർക്കു തെറ്റുപറ്റിയെന്നും വരാം. ഇവിടെ പല ചോദ്യങ്ങളും വരുന്നുണ്ടു്. ചിലപ്പോൾ ചില ചോദ്യങ്ങൾ അനുവദനീയമാണോ എന്ന സംശയം ഉദിക്കാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അക്കാര്യം ചൂണ്ടിക്കാണിക്കുവാൻ എല്ലാ മെമ്പർമാർക്കും അവകാശമുണ്ടു്. രണ്ടുകാരണങ്ങൾകൊണ്ടാണു് ഇപ്പോൾ ഈ ചോദ്യം ചോദിക്കുവാൻ അനുവദിച്ചുകൊടുത്ത ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു്. ആ കാരണങ്ങൾ ഏതെല്ലാമാണെന്നു് മുന്നേകൂടി പറഞ്ഞാൽകൊള്ളാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ഒന്നാമതു്, 'അക്രമരഹിതമായ സത്യാഗ്രഹമുറപ്രകാരം നാട്ടിൽനടക്കുന്ന അക്രമങ്ങൾക്കും, മർദ്ദനങ്ങൾക്കും എതിരായി, എന്നു പറയുന്നു. അപ്പോൾ നാട്ടിൽ നടക്കുന്നതു് അക്രമങ്ങളും മർദ്ദനങ്ങളും ആണെന്നുള്ള നിഗമനത്തിലാണു് ചോദ്യം. അതു് തെറ്റല്ലേ? രണ്ടാമതു്, 'നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കുന്നതു് നിയമവിരുദ്ധമായി ഗവണ്മെൻറു് കരുതുന്നുണ്ടോ' എന്നാണു്. ഇവിടെ ഗവണ്മെൻറിന്റെ ഒരഭിപ്രായം ആരായുകയാണു്. അതു ശരിയല്ല.

മിസ്റ്റർ സ്പീക്കർ: ഗവണ്മെൻറു് നിയമവിരുദ്ധമായി കരുതുന്നുണ്ടോ എന്നു ചോദിക്കുന്നതിൽ വലിയ തെറ്റൊന്നും ഇല്ല. ഏതെങ്കിലും ഒരു കാര്യം നിയമപരമാണോ, അഥവാ നിയമവിരുദ്ധമാണോ എന്നു് ഗവണ്മെൻറിനും തീരുമാനിക്കാവുന്നതാണു്. അതു് അറിയാൻ ആവശ്യപ്പെടുന്നതിൽ തെറ്റില്ല. പക്ഷെ, ആദ്യത്തെ ചോദ്യത്തിൽ ഒരു പ്രിസംപ്ഷൻ ഉണ്ടു്. പ്രിസംപ്ഷൻ വച്ചുകൊണ്ടുള്ള ഒരു ചോദ്യം ചോദിക്കാൻ പാടില്ലാ എന്നാണു് നിയമം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: 'അക്രമരഹിതമായ സത്യാഗ്രഹം' എന്നു പറയുമ്പോൾ അക്രമമുള്ള സത്യാഗ്രഹം എന്നും, അക്രമരഹിതമായ സത്യാഗ്രഹം എന്നും സത്യാഗ്രഹം രണ്ടുതരത്തിലുണ്ടോ?

മിസ്റ്റർ സ്പീക്കർ: ഏതായാലും ഈ ചോദ്യത്തിനു് ഉത്തരം നൽകാവുന്നതാണു്.

നിരാഹാര സത്യാഗ്രഹമനുഷ്ഠിച്ചവർ.

* 1625. [20] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 1958-59 വർഷത്തിൽ സംസ്ഥാനത്തിൽ എത്രപേർ നിരാഹാര സത്യാഗ്രഹമനുഷ്ഠിച്ചിട്ടുണ്ടു്;

(ബി) ഇവരിൽ എത്രപേരെ അറസ്റ്റുചെയ്തു; എത്രപേരെ ശിക്ഷിച്ചു;

(സി) അക്രമരഹിതമായ സത്യാഗ്രഹമുറപ്രകാരം നാട്ടിൽ നടക്കുന്ന അക്രമങ്ങൾക്കും, മർദ്ദനങ്ങൾക്കും എതിരായി മർദ്ദിതവിഭാഗത്തിന്റെ അവകാശങ്ങൾ വകവച്ചുകൊടുക്കുന്നതിനു് നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കുന്നതു നിയമവിരുദ്ധമായി ഗവണ്മെൻറു് കരുതുന്നുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) 98 പേർ.

(ബി) അറസ്റ്റുചെയ്തവർ 14, ശിക്ഷിച്ചതു് 1.

(സി) ഗവണ്മെൻറു് കരുതുന്നതു് പ്രസക്തമല്ല. നിയമം എന്താണെന്നതാണു് പ്രശ്നം. പിന്നെ ഓരോ സത്യാഗ്രഹവും എത്തുദ്ദേശത്തോടുകൂടി നടത്തുന്നു എന്നതു പരിശോധിച്ചേ ന്യായാന്യായത നിശ്ചയിക്കാവൂ.

LIBRARY ARCHIVES Kerala Legislative Assembly